# ക്ലിക്ക്



ലിറ്റിൽ കൈറ്റ്സ് 2018–19

ജി. എച്ച്. എസ്. കൊളപ്പുറം

ചീഫ് എഡിറ്റർ

**ഇന്ദിര ടി**

സ്റ്റാഫ് എഡിറ്റർ

**ഷാനിബ യു.**

സ്റ്റുഡന്റ് എഡിറ്റർ

**ഷഹാന ഷെറിൻ കെ.എം**

എഡിറ്റോറിയൽ ബോർഡ്

**നന്ദന.പി.കെ**

**ഷാഹിന ടി.വി**

**റിൻഷ ഇ**

**സഫീദ കെ**

**സുമംഗല**

**രേഖ**

ഫോട്ടോസ്

**ഷബാദ് കെ**

**ഷഹാന ഷെറിൻ കെ.എം**

ഡിസൈനിങ്ങ്

**സുമേഷ് മാസ്റ്റർ**

**ആദിത്യൻ പി**

**റുഷ്ന.എം**



## *സന്ദേശം*

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം ക്ലാസ് മുറികൾ എല്ലാം ഹൈടെക്കായി മാറിക്കഴിഞ്ഞു. കൈറ്റ് (kerala infrastructure technology for education) ന്റെ അംഗീകാരത്തോടെ ഏറെ സജീവമായ ലിറ്റിൽ കൈറ്റ് എന്ന ഐടി ക്ലബ്ബും പ്രവർത്തിക്കാൻ തുടങ്ങി. ചിട്ടയായ പ്രവർത്തനങ്ങളിലൂടെയും മാർഗ നിർദേശങ്ങളിലൂടെയും ഒരുവർഷം കൊണ്ടുതന്നെ ക്ലബ്ബിന് ഏറെ നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്നത് സന്തോഷം നൽകുന്നു. കുട്ടിയുടെ ആഗ്രഹത്തിനൊത്ത് മനസ്സറിഞ്ഞ് അഭിരുചിക്കനുസരിച്ച് പ്രവർത്തന മേഖല ആസൂത്രണം ചെയ്തിട്ടുണ്ട് എന്നതുതന്നെയാണ് ഈ ക്ലബ്ബിന്റെ വിജയരഹസ്യം. കൊളപ്പുറം ഗവൺമെന്റ് ഹൈസ്കൂളിലെ 30 ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും അദ്ധ്യാപകരും മറ്റു വിദ്യാർത്ഥികളും ചേർന്നൊരുക്കിയ ഈ ഡിജിറ്റൽ മാഗസിൻ അറിവിന്റെ പ്രയോഗവും സാങ്കേതികവിദ്യയുടെ സാധ്യതയും വ്യക്തമാക്കുന്നതാണ്. അതുകൊണ്ടുതന്നെ ഈ സംരംഭം വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകളിലേക്ക് ഉള്ള ഒരു കാൽവെപ്പ് ആകട്ടെ, അല്ല കുതിച്ചുചാട്ടം തന്നെ ആകട്ടെ എന്നെ പ്രത്യാശിക്കുന്നു.......

ഇന്ദിര ടി

ഹെഡ് മിസ്ട്രസ്സ്

## താളുകളിലൂടെ....

### കഥ


8 - വിടരാത്ത സ്വപ്നങ്ങൾ
32 - നന്ദിപൂർവം ഗുരുനാഥക്ക്


### കവിത


വിദ്യാലയമുറ്റത്തിലെ അറിവുകൾ - 7
വിദ്യുതൻ മുഖങ്ങൾ - 12
മുഖം - 14
ഹൃദയമുദ്രകൾ- 15
പിന്നിലെ കാഴ്ചകൾ - 16
Mother - 17
ജീവിതം - 21
സുന്ദരമായ ഗ്രാമം - 22
എന്റെ സ്വന്തം അമ്മ - 26
My Class Room And Goal - 27
വേർപാടിന്റെ വേദന - 28
തരുമോ തിരികെ എൻ താളം - 34
मेरे मन - 49


### ലേഖനം


18 - സൗഹൃദം
20 - പ്രളയം
24 - പ്രളയാനുഭവം
29 - ഓർമകളിലെ ഇന്നലകൾ
30 - നവകേരളം - എന്റെ കാഴ്ചപ്പാട്
43 - കൗമാരം പ്രതീക്ഷകളുടെ കാലം
45 - IR 4.0 ൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രസക്തി
47 - اللغة العربية

**അനുഭവം**

**13 - ലിറ്റിൽ കൈറ്റ്സ് അംഗമെന്ന നിലയിൽ**

**യാത്രാവിവരണം**

**ഇടുക്കിയിലെ മലഞ്ചെരിവിലൂടെ ഒരു യാത്ര - 41**

**റിപ്പോർട്ട്**

**10 - Little Kites- Report**

**ചിത്രരചന**

**കളർ പെയ്ന്റിങ് - 35,36,38**

**പെൻസിൽ ഡ്രോയിങ് - 37,38**

**ഡിജിറ്റൽ പെയ്ന്റിങ് - 39,40**

# എഡിറ്റോറിയൽ

സർഗ്ഗവസന്തം വരവറിയിക്കുന്ന കുരുന്നുകളുടെ രചനകളുടെ ഒരു എളിയ സംരഭമാണിത്.അനുഗ്രഹാശിസുകളോടൊപ്പം വരും തലമുറയിലെ പുതു നാമ്പുകളെ കണ്ടെത്താനുള്ള ശ്രമം കൂടിയാണിത്. കാലത്തെ അതിജീവിച്ച് മുന്നേറാൻ പ്രാപ്തരായ ഭാവി തലമുറക്ക് ഒരു കൈത്താങ്ങാകാൻ കഴിഞ്ഞാൽ ഞങ്ങൾ കൃതാർഥരായി. കൊളപ്പുറം ജിഎച്ച്എസിലെ കുട്ടികൾ തയ്യാറാക്കിയ "ക്ലിക്ക്" എന്ന ഡിജിറ്റൽ മാഗസിൻ കലാ സാഹിത്യ രംഗത്ത് ഒരു ചുവടു വെപ്പായി മാറുമെന്ന പ്രതീക്ഷ ഞങ്ങൾ പങ്കുവെക്കുന്നു. ഒരു വിദ്യാലയ ത്തിന്റെ മാത്രമല്ല ഒരു നാടിന്റെ മുഴുവൻ സാംസ്കാരികരംഗത്തെ പ്രതിഫലിപ്പിക്കുന്ന സർഗസൃഷ്ടികളാണ് ഈ മാഗസിന്റെ ഉള്ളടക്കത്തെ സമ്പന്നമാക്കി യത്. അപൂർണ്ണതകളും പരിമിതികളും ചൂണ്ടിക്കാണിക്കാനുണ്ടാക മെന്ന തിരിച്ചറിവോടെ അവയെല്ലാം ക്ഷമിക്കണമെന്ന അഭ്യർഥ നയോടെ ഈ മാഗസിൻ നിങ്ങൾക്കു മുമ്പിൽ എത്തുകയാണ്. പരിമിതമായ സമയവും സാഹചര്യങ്ങളും മറികടന്നു കൊണ്ട് ഈ സംരംഭം യാഥാർഥ്യമാക്കാൻ പ്രയത്നിച്ച എല്ലാ സുമനസ്സുകൾക്കു മുമ്പിൽ വർണ്ണപ്പൊലിമയും ഭാവഗാംഭീര്യവും കരുത്തുമുള്ള സർഗ്ഗ സൃഷ്ടികൾ സാഭിമാനം, സാദരം സമർപ്പിക്കുന്നു നിറഞ്ഞ മനസ്സോടെ.......

എഡിറ്റർ



SHAHANA SHERIN
IX-C

# വിദ്യാലയമുറ്റത്തിലെ അറിവുകൾ

പുതുപുലരിയെത്തുന്നു.....

പൂക്കൾ ചിരിക്കുന്നു.....

പൂമ്പാറ്റയാകാൻ പോരൂ.....

അറിവിന്റെ തേൻ നുകർന്ന്

ഒരുമിച്ച് വളരുവാൻ

അരുമ കിടാങ്ങളെ പോരൂ.....



ക കൊണ്ട് കാക്കയും

ച കൊണ്ട് ചക്കയും

ട കൊണ്ട് ടർക്കിയും

ത കൊണ്ട് തത്തയും

പ കൊണ്ട് പൂക്കളും

പഠിപ്പിച്ചൊരെൻ വിദ്യാലയം

ആ മുറ്റത്തിൻ ചുറ്റുമെല്ലാം

അറിവിന്റെ വിത്ത് മുളപ്പിക്കുവാൻ...



RINSHA E
IX-C

# വിടരാത്ത സ്വപ്നങ്ങൾ

ജനിച്ചു വീണ നാൾ മുതൽക്കെ ഷാനു മോൾ ഉമ്മയുടെ മാത്രം വാത്സല്യത്തിലാണ് വളർന്നത്. ഇപ്പോൾ അവൾക്ക് 7 വയസ്സായി. അവളെന്നും ഉമ്മയോട് ഉപ്പയെ ചോദിക്കും. അപ്പോഴൊക്കെ ഉമ്മ നൽകിയ മറുപടി അവളെ തൃപ്തികരമാക്കിയില്ല. അങ്ങനെ ഒരു ദിവസം ഷാനു വീട്ടു മുറ്റത്ത് കളിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഉപ്പയുടെ വിളി വന്നത്. ഉപ്പ ഷാനുമോളുടെ വിശേഷങ്ങൾ ഓരോന്നും ചോദിച്ചറിഞ്ഞതിനു ശേഷം ഒരു സന്തോഷവാർത്തയും പറഞ്ഞു. "ഞാൻ ഒരാഴ്ക്കകം വരുമെന്ന്". അപ്പോൾ അവളുടെ മുഖം പതിനേഴാം രാവിൽ പൂർണ്ണ ചന്ദ്രൻ ഉദിച്ച പോലെയായിരുന്നു. അവൾ ഓരോ ദിവസവും,തള്ളി നീക്കി...........

പെട്ടന്നൊരിക്കൽ അടുത്ത വീട്ടിലെ സുബൈദത്ത അവളുടെ വീട്ടിലേക്ക് വന്നു."ഷാനൂ ... ഉമ്മയെവിടെ? "ഇവിടുണ്ട്ത്താ".മോളു ഉമ്മയെ വിളിക്ക്...ഇത്ത കുറച്ച് ഗൗരവത്തോടെയാണത് പറഞ്ഞത്.അവൾ വേഗം അകത്തേക്കോടി. "എന്താ സുബൈദ". സുബൈദ ഉത്തരം കിട്ടാതെ പകച്ചു. "അ...ആ...അത്... ഞാൻ എങ്ങനെയാ പറയാ.. മ്മടെ മോൻക്ക് ഷാനൂന്റെ അടുത്താണല്ലോ ജോലി...സുബൈദ വിറച്ചു കൊണ്ട് പറഞ്ഞു."അതിനെന്താടോ"ഉമ്മ ചോദിച്ചു. കുറച്ചു നേരത്തെ നിശബ്ദദക്കു ശേഷം സുബൈദ പറഞ്ഞു, ഷാനൂന്റെ ഉപ്പക്ക് ഇന്നലെ ചെറിയൊരു നെഞ്ച് വേദന വന്നു ആശുപത്രിയിൽ എത്തിയപ്പോഴേക്കും... ഇത് കേട്ട് ഷാനൂന്റെ ഉമ്മ തളർന്നുവീണു."എന്താ ഇത്ത എന്റെ ഉപ്പാക്ക് അവൾ കരച്ചിലിന്റെ വക്കത്ത് എത്തിയിരുന്നു.

സുബൈദ ഷാനുന്റെ തല തടവി കൊണ്ടു പറഞ്ഞു, പോയി മോളെ... ഉപ്പ മോളെ വിട്ട് പോയി. ഇത് കേട്ടതും ഒരു പൊട്ടിക്കരച്ചിലായിരുന്നു മറുപടി. എങ്ങനെ സമാധാനിപ്പിക്കണം എന്നറിയാതെ സുബൈദാത്ത തരിച്ചു നിന്നു. ഷാനു സ്വയം പറഞ്ഞു:നേരിട്ട് ഒരു നോക്കു പോലും കാണാത്ത കൊതി തീരെ സംസാരിക്കാത്ത എന്റെ ഉപ്പ എന്നെ വിട്ട് പോയി.... എന്റെ വിരിയാത്ത സ്വപ്നങ്ങൾ ഇനിയെനിക്കെന്തിനാണ്. അന്ന് അവൾ അവിടെ വെച്ച് സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ട് അഘാതയിലേക്ക് വലിച്ചെറിഞ്ഞു. ഈ നിമിഷം അവൾ പോലുമറിയാതെ ഉണരാത്ത ഉറക്കത്തിലേക്ക് അവളുടെ ഉമ്മയും പോയിരുന്നു....





NANDANA.PK
IX-B

# LITTLE KITES -REPORT

കുട്ടികളിൽ ഐ. ടി അഭിരുചി വളർത്തുന്ന ലിറ്റിൽ കൈറ്റ് ക്ലബ്ബിൽ, അഭിരുചി പരീക്ഷയിലൂടെ ഞങ്ങളുടെ സ്കൂളിലെ 20 കുട്ടികൾക്ക് ലിറ്റിൽ കൈറ്റ് അംഗത്വം ലഭിച്ചു. ഇത്തരത്തിൽ തിരഞ്ഞെടുത്ത 20 കുട്ടികൾക്കായി റാഫി സാർ ഒരു ഏകദിന ക്ലാസ് എടുത്തു തന്നു. അതിനു ശേഷം വീണ്ടും അഭിരുചി പരീക്ഷയിലൂടെ 10 കുട്ടികളേക്കൂടി ഉൾപ്പെടുത്തി. ഇപ്പോൾ ഞങ്ങളുടെ സ്കൂളിൽ 30 കുട്ടികൾക്ക് ലിറ്റിൽ കൈറ്റ് അംഗത്വമുണ്ട്. ഇതിനു ശേഷം സ്കൂളിൽ ഒരു ലിറ്റിൽ കൈറ്റ് ബോർഡ് സ്ഥാപിച്ചു. പിന്നീട് ലിറ്റിൽ കൈറ്റ് അംഗത്വമു ള്ളവർക്ക് കൈറ്റ് ടാഗും വിതരണം ചെയ്തു. ഇപ്പോൾ എല്ലാ ബുധനാഴ്ചയും ഞങ്ങൾക്ക് ലിറ്റിൽ കൈറ്റ് ക്ലാസ് നടക്കാറുണ്ട്. ഷാനിബ ടീച്ചറും സുമംഗല ടീച്ചറുമാണ് ഇതിന് നേതൃത്വം വഹിക്കുന്നത്.

ലിറ്റിൽ കൈറ്റിൽ ഞങ്ങൾ ആദ്യമായി പരിചയപ്പെട്ടത് ആനിമേഷനാണ്. ഇതിൽ നിന്നും വസ്തുക്കളെ ചലിക്കുന്ന വീഡിയോ ആക്കിമാറ്റാൻ ഞങ്ങൾക്ക് സാധിച്ചു. പിന്നീട് ഷൈബടീച്ചർ ഞങ്ങൾക്കായി ഒരു ഏകദിന ശില്പശാല നടത്തി. ഈ അവസരത്തിൽ ടീച്ചർ ഞങ്ങൾക്കായി പുതിയ സോഫ്റ്റ്‌വെയറായ ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ പരിചയപ്പെടുത്തി. അതിനുശേഷം ഞങ്ങൾ സ്റ്റോറി ബോർഡിന്റേയും ഓപ്പൺഷോട്ട് വീഡിയോ എഡിറ്ററിന്റെയും സഹായത്താൽ ഒരു ആനിമേഷൻ ഷോർട്ട് ഫിലിമും തയ്യാറാക്കി

അതിനു ശേഷം ഒരു മാഗസിൻ എങ്ങനെ തയ്യാറാക്കാമെന്നായിരുന്നു ഞങ്ങളുടെ പഠനം. ഹെഡിങ്ങുകളുടെ സ്റ്റൈൽ മാറ്റാനും ഹെഡറും ഫൂട്ടറും നൽകാൻ ഞങ്ങൾക്ക് സാധിച്ചു. ഈ ക്ലാസ് ഞങ്ങൾക്ക് വളരെയധികം ഉപകാര പ്രദമായി.

പിന്നീട് ഞങ്ങൾ പരിചയപ്പെട്ടത് സ്ക്രാച്ച് പ്രത്യേക കോഡ് ഉപയോഗിച്ച് വസ്തുക്കളെ ചലിപ്പിക്കുന്ന ഈ സോഫ്റ്റ്‌വെയർ ഞങ്ങൾക്ക് പരിചിതമായിരുന്നു. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വിവിധ കഥകളും ഗെയിമുകളും ഞങ്ങൾ തയ്യാറാക്കി. തയ്യാറാക്കിയ ഗെയിമുകൾ വിദ്യാർത്ഥികൾ കളിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്തു.

ഒക്ടോബർ മാസത്തിൽ സ്ക്രാച്ച്, അനിമേഷൻ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി പി.കെ.എം.എച്ച്.എസിൽ വെച്ച നടന്ന സബ്ജില്ലാ ക്യാമ്പിൽ ഞാനടക്കം 8 കുട്ടികൾ പങ്കെടുത്തു. ക്യാമ്പിൽ പങ്കടുത്തവർ നന്ദന, ശഹാന, റിൻഷ, ഫിദ, ഷഹാന ഷെറിൻ, സഫീദ, ആദിത്യൻ, റംഷാദ് എന്നിവരായിരുന്നു. ഇത് വളരെ വ്യത്യസ്തമായൊരു അനുഭവ മായിരുന്നു. സ്ക്രാച്ച്, ആനിമേഷൻ എന്നിവയെ കുറിച്ച് കൂടുതൽ പഠിക്കാനും ബ്ലെൻഡർ ടൂളിനെ പരിചയപ്പെടാനും സാധിച്ചു.

തുടർന്ന് ഞങ്ങൾ പരിചയപ്പെട്ടത് എം.ഐ.ടി ആപ്പാണ്. കാൽക്കുലേറ്റർ, ഷേക്ക് യുവർ ഫോൺ, പെയിന്റ് ഇവയെല്ലാം ഞങ്ങൾ തയ്യാറാക്കിയ ആപ്പുകളാണ്.

ലിറ്റിൽ കൈറ്റിലെ കുട്ടികളാണ് സ്മാർട്ട് ക്ലാസ് റൂമുകളിൽ ടീച്ചർമാരെ സഹായിക്കുന്നത്. ഇത്തരത്തിലുള്ള ക്ലബുകൾ കുട്ടികളിൽ ഐ. ടി അഭിരുചി വളർത്തുന്നു.



**SALMA.KT**
**X-C**

# വിദ്യതൻ മുഖങ്ങൾ



പിതാവിൻ കൈപിടിച്ച്

അന്ന് കലാലയ മുറ്റത്ത്......

അപരിചിതമാം പല മുഖങ്ങൾ...

വിദ്യതൻ പ്രകാശത്താൽ കത്തിജ്വലിച്ചു.

കളിച്ചും,ചിരിച്ചും

സൗഹൃദം  പങ്കുവെച്ചും

നടന്നകന്നു പല പാതകൾ തോറും

ഇന്ന് വിട പറയാനായ് കലാലയ മുറ്റത്ത്..

തിരിഞ്ഞ് നോക്കിയപ്പോൾ കണ്ടു.

പുഞ്ചിരിക്കുന്ന ആ മുഖങ്ങൾ

"വിജയത്തിൻെറ രഹസ്യമായിരുന്നു.”....



**SHAHANA SHARIN KM**
**IX-C**

# ലിറ്റിൽ കൈറ്റ്സ് അംഗമെന്ന നിലയിൽ എന്റെ അനുഭവം

*ലിറ്റിൽ കൈറ്റ്സ് സെലക്ഷൻ ഞങ്ങളുടെ സ്കൂളിൽ വന്നപ്പോൾ എനിക്കും ഒരു അംഗമാവാം എന്ന ചിന്ത എന്റെ മനസ്സിൽ ഉണ്ടായിരുന്നു.അങ്ങനെ അതിന്റെ സെലക്ഷൻ പരീക്ഷ നടന്നു. മാർക്കിന്റെ അടിസ്ഥാനത്തിൽ എനിക്ക് രണ്ടാം സ്ഥാനമായിരുന്നു. അപ്പോൾ ഞാൻ ഏറെ സന്തോഷവതിയായി.അങ്ങനെ 9-ാം ക്ലാസ് മുതൽ അതിന്റെ പ്രവർത്തനം തുടങ്ങി.ആനിമേഷൻ,മാഗസിൻ നിർമ്മാണം,സ്ക്രാച്ച്, MIT ആപ്പ് ഇൻവെന്റർ തുടങ്ങി ഒരുപാട് കാര്യങ്ങൾ പഠിക്കാൻ സാധിച്ചു . 8-ാം ക്ലാസിൽ നിന്നുമുണ്ടായിരുന്ന ഹായ് കുട്ടിക്കൂട്ടം എന്ന പ്രോഗ്രാമിലെയും ഒരു അംഗമായിരുന്നു ഞാൻ. അന്നു മുതലാണ് ഐ.ടി.യോട് എനിക്ക് കൂടുതൽ താൽപര്യം തോന്നിത്തുടങ്ങിയത്.ഇപ്പോൾ ഞാൻ ഐ.ടി.യെ കുറിച്ച് കുറേ കാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നു . പി.കെ.എം.എച്ച്.എസ്. എസ്. എടരിക്കോട് വെച്ചു നടന്ന ത്രിദിന ക്യാമ്പിൽ ഞാൻ പങ്കെടുത്തു.അവിടെ ഞാൻ തിരഞ്ഞെടുത്തിട്ടുണ്ടായിരുന്ന വിഷയം സ്ക്രാച്ച് ആയിരുന്നു. ആ ക്യാമ്പിൽ നിന്നും സ്ക്രാച്ചിനെ കുറിച്ച് ഒരുപാട് കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. അത് എന്നിൽ ഐ.ടി. പഠിക്കുന്നതിൽ കൂടുതൽ ഉന്മേഷം ഉണർത്തി. അതുപോലെ തന്നെ കെ.എം.എച്ച്.എസ്.എസ് വാളക്കുളം സ്കൂളിൽ വെച്ച് നടന്ന ഡി.എസ്.എൽ.ആർ. ക്യാമറ ഡോക്യുമെന്റേഷൻ പരിപാടിയും എന്നിൽ കൂടുതൽ ആവേശമുണർത്തി. ഇത് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു. ഇനിയും ഇത് പോലത്തെ ക്യാമ്പുകളും ലിറ്റിൽ കൈറ്റ് പോലത്തെ ഐ.ടി.ക്ലബുകൾ ഇനിയും വളർന്ന് വരട്ടെ, ലിറ്റിൽ കൈറ്റിൽ നിന്നും ഇനിയും ധാരാളം കാര്യങ്ങൾ പഠിച്ചെടുക്കേണ്ടതുണ്ട്, പഠിക്കാനാകുമെന്ന പ്രതീക്ഷയോടെ,..*



FEHMI
X-C

# മുഖം

ശൂന്യമായിരുന്നു എൻെറ പാത
തിരിഞ്ഞ് നോക്കിയിട്ട് പോലും
കണ്ടില്ല ഞാൻ അവിടെ
ഒരു കാൽപ്പാടു പോലും
പക്ഷേ,
ഒരായുസ്സ്  അലിഞ്ഞ് തീരും
പോലെ,അവിടെ ഞാൻ
കണ്ടു.എന്നെ
ഈ കലാലയം പഠിപ്പിച്ച
ഒരു കൂട്ടം മുഖങ്ങൾ
വ്യത്യസ്തമാം
ശിലയിൽ കൊത്തിവെച്ചപോൽ





RAMSEENA P
IX-B

# ഹൃദയ മുദ്രകൾ

ഓർമ്മയുടെ പടിവാതിൽ
തുറന്ന് ഞാൻ എത്തിനോക്കവേ.....
അകതാരിൽ വിരിഞ്ഞു
ഒരു നൂറ് പുഷ്പങ്ങൾ
നിറഞ്ഞ മിഴിയാൽ ഓർത്തെടുത്തു.....
എൻ കലാലയസ്മരണകൾ
വിജനത തീർത്ത വരാന്തയിൽ
മൂകമായിരുന്നൊരെൻ
കൊഴിഞ്ഞുപോയ സ്വപ്നങ്ങൾ
പടിയിറങ്ങുന്ന സൗഹൃദത്തിന്റെ
വ്യഥ പൂണ്ട മുഖങ്ങൾ
ക്ലാസ് മുറകൾ മായ്ക്കാൻ കഴിയാത്ത
വേദനയുടെ മുറിപ്പാടുകൾ
സൗഹൃദത്തിന്റെ ആർദ്രഭൂമിക
പണിത കൂട്ടുകാർ
നന്മകളാൽ നിറദീപം
വിതറിയ ഗുരുഹൃദയങ്ങൾ
മനസ്സ് മന്ത്രിച്ചു കൊണ്ടിരുന്നു
മറക്കില്ലൊരിക്കലും ഈ കലാലയം
വരുമോ ഇനിയും
ഇന്നലകളുടെ ആവർത്തനങ്ങൾ





SALMA.KT
X-C

# പിന്നിലെ കാഴ്ചകൾ

പണ്ട്,മാവിൻചുവട്ടിൽ കണ്ണുപൊത്തിക്കളിച്ചതും
അവധിക്കാലം കൂട്ടുകാരോടൊത്ത്
ആഹ്ലാദത്തോടെ കളിച്ചു തീർത്തതും
മഴയിലാറാടി പനിപിടിപ്പിച്ചതും
ഇന്ന് സ്വപ്നങ്ങളിൽ മാത്രമായ്

കാലങ്ങൾ മാറിമാറി വന്നു
അടുക്കിവെച്ച മുറികൾപോൽ വലിയവീട്
അനക്കമില്ല,എന്തൊക്കെയോ പൊട്ടിച്ചിരിക്കുന്ന
കരയുന്ന ശബ്ദങ്ങൾ മാത്രം
അയൽബന്ധമില്ല,എല്ലാം ഹോം ഡെലിവറി

വെള്ളമില്ല,അഴുക്കു ജലം
ശ്വസിക്കാൻ നല്ല വായു പോലുമില്ല
എല്ലായിടത്തും മാലിന്യക്കൂമ്പാരങ്ങൾ
വാഹനം ചീറിപ്പായുന്ന ശബ്ദങ്ങൾ
ഇന്ന് കാഴ്ചകളായ്



SAFEEDA K
IX-A

# MOTHER

have you ever seen paradise?
it exists in our own world
your mother's foot it is
hose who want her love
need her sympathy
and the shade of her protection
will get it readily
she is the teacher
who thought the world mom
no one can hide a mother's care
it is the natural truth
have you ever thought
about your mother ?
all can think but the sensible
one can only understand
her motherly love.





**SHADIYA K**
**X-A**

# സൗഹൃദം

സൗഹൃദം എന്നത് ഒരിക്കലും മൂന്ന് അക്ഷരങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. സൗഹൃദമൊലിച്ച് കൊണ്ടിരിക്കുന്ന കാലത്തിലൂടെയാണ് നാം സഞ്ചരിക്കുന്നത്. സാഹചര്യങ്ങളെ അതിജീവിക്കാത്ത സൗഹൃദങ്ങൾ വെറുമൊരു നേരം പോക്ക്- മാത്രമാണ്. പ്രതീക്ഷിക്കാത്ത നിമിഷങ്ങളിൽ വന്നു ചേരുന്ന ഒരു സൗഭാഗ്യമാണ് സുഹൃത്തുക്കൾ. അത് നഷ്ടപ്പെടുത്താൻ കഴിയാത്ത അമൂല്യ നിധിയാണ്. കടലാസിൽ മഷി കൊണ്ടെഴുതിയ കാവ്യമാണ് പ്രണയമെങ്കിൽ, ചങ്കിൽ ചോരകൊണ്ട് എഴുതിയ ഇതിഹാസമാണ് സൗഹൃദം. നല്ലക്കൂട്ടുകാർ കരയും തിരമാലയും പോലെയാണ്. അവർ പരസ്പരം അടുക്കുകയും അകലുകയും ചെയ്യും. മറ്റുള്ളവരുടെ മുമ്പിൽവെച്ച് നമ്മുടെ ന്യൂനതകളെ മറച്ച് വെക്കുകയും പിന്നീടത് തിരുത്തിത്തരുകയും ചെയ്യുന്നവരാണ് നല്ല കൂട്ടുകാർ. ഒരു ചോരയിൽ പിറന്നവരല്ല എന്നൊള്ളൂ പക്ഷേ, ഒരൊറ്റ കൂടപ്പിറപ്പുകളെപ്പോലെയാണ് ആത്മാർത്ഥ സുഹൃത്തുക്കൾ. കലാലയ ജീവിതത്തിൽ കൂട്ടുകാർക്കൊപ്പം ഉണ്ടാകുന്ന അനുഭവങ്ങൾ വളരെ രസകരവും ഒരിക്കലും മറക്കാൻ കഴിയാത്തതുമാണ്. കൂട്ടുകാരുടെ കൂടെ സെൽഫിയെടുത്തും, കളിച്ചും, ചിരിച്ചും, തമാശ പറഞ്ഞും, കരഞ്ഞുമെല്ലാം ചിലവഴിച്ച നിമിഷങ്ങൾ ഒരിക്കലും മറക്കാൻ കഴിയാത്തതാണ്. പൂന്തോട്ടത്തിൽ പാറിപ്പറക്കുന്ന ചിത്രശലഭത്തിന് ആ പൂന്തോട്ടത്തിലെ തേൻ പൂക്കളാണ് അടുത്ത കൂട്ടുകാർ അതുപോലെ നാമോരോരുത്തർക്കുമുണ്ടാകും പ്രിയപ്പെട്ട കൂട്ടുകാർ. ചിലയാളുകളെ നമ്മൾ മോശമായിട്ടായിരിക്കും വിലയിരുത്തുക.എന്നാൽ,ആ ആളുകളോട് ഏറ്റവും അടുത്ത കൂട്ടുകാർക്ക് അറിയാം, അവരെത്രത്തോളം

നന്മയിലലിഞ്ഞവരാണെന്ന്. നമ്മെ നന്മയിലേക്ക് നയിക്കുന്നതും തിന്മയിൽ നിന്ന് മോചിപ്പിക്കുന്നതും നമ്മുടെ കൂട്ടുകാർ മാത്രമാണ്. മരച്ചില്ലയെ തഴുകുന്ന കാറ്റിനറിയാം ആ മരച്ചില്ലക്ക് എത്രത്തോളം ഉറപ്പുണ്ടെന്ന്.അതു പോലെ നമ്മുടെ കൂട്ടുകാർക്കറിയാം നമ്മുടെ ഏത് അവസ്ഥയെയും ,സന്തോഷമായാലും ദുഃഖമായാലും നമ്മുടെ കൂടെ നിൽക്കുന്നവരായിരിക്കും നമ്മുടെ കൂട്ടുകാർ. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന കൂടുതൽ സന്തോഷങ്ങൾക്കും കാരണം നമ്മുടെ കൂട്ടുകാരായിരിക്കും. ചുണ്ടിൽ നിന്നുമുണ്ടാകുന്ന ഓരോ പുഞ്ചിരിക്കുമുള്ള ഒരൊറ്റ കാരണമാണ് കൂട്ടുകാർ. അതു പോലെ നമ്മുടെ സന്തോഷങ്ങളും രഹസ്യങ്ങളും നമ്മൾ പറയുന്നത് അടുത്ത കൂട്ടുകാരിയോടായിരിക്കും.ചില നിമിഷങ്ങളിൽ ഒറ്റക്ക് ഇരിക്കുമ്പോൾ കൂട്ടുകാരെയോർത്ത് അറിയാതെ കണ്ണ് നിറഞ്ഞുപോകും. അതാണ് ആത്മാർത്ഥ കൂട്ടുകാർ. പരീക്ഷയിൽ സാരല്യ,അടുത്ത പ്രാവശ്യം ഉഷാറാക്കാം' എന്ന് പറഞ്ഞ് സമാധാനിപ്പിക്കുന്ന, ഒരുപാട് ഓർമകൾ തന്നവരാണ് കൂട്ടുകാർ. ഒരാൾക്ക് കൂട്ടുകാരില്ലാതെ സന്തോഷത്തോടെയുള്ള ഒരു ജീവിതം കെട്ടിപ്പടുക്കാൻ കഴിയില്ല എന്നത് ഒരു വലിയ യാഥാർത്ഥ്യമാണ്. എല്ലാ കാര്യങ്ങൾക്കും നമ്മോട് കൂടെ നിൽക്കുന്നവരാണ് സുഹൃത്തുക്കൾ. തോളോട് തോൾ ചേർന്ന് നടന്നവർ കലാലയ ജീവിതം കഴിയുമ്പോൾ. കൂട്ടിന് കൂട്ടുകാരോടുള്ള ഒരു പിടി നല്ല ഓർമകളായിരിക്കും. എന്റെ ഈ പത്ത് വർഷത്തെ കാലാലയ ജീവിതത്തിൽ വിലമതിക്കാനാകാത്ത രത്നമാണ് എനിക്ക് എന്റെ "**സൗഹൃദം**"!





NEETHU P
IX-B

# പ്രളയം

ആദ്യമായി കേരളത്തിൽ പ്രളയം റിപ്പോർട്ട് ചെയ്യപ്പെട്ടത് 1924-ൽ ആണ്. അന്നത്തെ പ്രളയ ബാധിതർക്കായി മഹാത്മഗാന്ധി 1 ലക്ഷം രൂപയാണ് സംഭാവന നൽകിയത്. പിന്നീട് പ്രളയം ഉണ്ടായത് 1994-ൽ ആണ്. അത് ഇന്നത്തെപ്പോലെ അധികം ദുരിതമുണ്ടായിട്ടൊന്നും ഇല്ല. അന്ന് അധികം ആളുകൾ അങ്ങനെ ദുരിതം അനുഭവിച്ചിട്ടുമില്ല. അതുകഴിഞ്ഞ് പിന്നീട് പ്രളയം ഉണ്ടായത് 2007-ലാണ്. അന്നത്തെ ആളുകൾ വളരെയധികം ദുരിതമനുഭവിച്ചു. ഇതെല്ലാം കഴിഞ്ഞ് പിന്നീട് പ്രളയമുണ്ടായത് ഈ വർഷമാണ്.അതായത് 2018-ൽ. ഇന്ന് മരണങ്ങളും നടന്നു. എത്രയോ വീടുകൾ നശിക്കപ്പെട്ടു. മനുഷ്യർക്ക് താമസിക്കാൻ പോലും ഒരിടമില്ലാതായി. ദുരിതമനുഭവിക്കുന്നവർക്ക് സർക്കാർ വക സ്കൂളുകളിൽ ക്യാമ്പുകൾ നടത്തി. കേരളത്തിലെ മിക്ക ആളുകളും ക്യാമ്പുകളിലാണ് താമസിച്ചിരുന്നത്. അവർക്ക് ഭക്ഷണവും വസ്ത്രവും എല്ലാം നൽകി സർക്കാർ അവരെ സഹായിച്ചു. എല്ലാ ജില്ലകളിലും പ്രളയം ഉണ്ടായിട്ടുണ്ട്. 33 ഡാമുകളാണ് ഈ വർഷം തുറന്നത്. അതുകൊണ്ടാണ് ഈ വർഷം വളരെയേറെ ദുരിതമനുഭവിക്കേണ്ടിവന്നത്. അതുമല്ല കുറച്ച് ദിവസങ്ങളിൽ തോരാത്ത മഴയായിരുന്നു. ചില പ്രദേശങ്ങളിൽ ഉരുൾപ്പൊട്ടൽ ഉണ്ടായിട്ടുണ്ട്. ഉരുൾപ്പൊട്ടൽ മൂലം എത്രയോ മനുഷ്യരുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. എത്രയോ വീടുകൾ ഭൂമിയിടിഞ്ഞ് ഭൂമിയിലേക്ക് താണുപോയിട്ടുണ്ട്. പുഴകൾ കരകവിഞ്ഞൊഴുകി. ദുരിതം അനുഭവിക്കുന്നവർക്ക് എത്രയോ സിനിമാതാരങ്ങൾ ദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പിന്നെ സാധാരണക്കാരും ഇവരെ സഹായിച്ചിട്ടുണ്ട്. ചില പ്രദേശങ്ങളിൽ ക്യാമ്പുകളിൽ താമസിക്കുന്ന ആളുകൾക്ക് വെള്ളം എല്ലായിടത്തും കയറിയതോടെ ഭക്ഷണം ഒന്നും കിട്ടിയില്ല. എല്ലായിടത്തും വെള്ളം, എങ്ങോട്ടും പോകാൻ കഴിയില്ല. അവർക്ക് എങ്ങനെയെങ്കിലും ഭക്ഷണം എത്തിച്ചു കൊടുക്കാനാണ് മറ്റുള്ളവർ ശ്രമിച്ചത്. ഈ വർഷം മറക്കാനാവാത്ത ഒരു വർഷമാണ്. ഈ വർഷം ഉണ്ടായ പ്രളയത്തെപ്പറ്റി എക്കാലവും നമുക്ക് ഓർമ്മിക്കാം. മറക്കില്ല ഒരിക്കലും ഈ വർഷം, 2018- മനുഷ്യർ കൂടുതൽ ദുരിതമനുഭവിച്ച വർഷം.





RINSHA E
IX-C

# ജീവിതം

മുട്ടിലിഴഞ്ഞും നടന്നും വീണും

ബാല്യമാഗ്രഹിക്കുന്ന ശൈശവവും...

യുവാവായിട്ടു വേണം

അടിച്ചു പൊളിക്കാനെന്ന്

മോഹമുദിക്കുന്ന ബാല്യവും...

കുസൃതി നിറഞ്ഞ ബാല്യത്തിലേക്ക്

തിരിച്ചു പോയിരുന്നെങ്കിലെന്ന്

കൊതിക്കുന്ന യൗവ്വനവും...

കുട്ടികളുടെ കുസൃതി കാണുമ്പോൾ

കളിചിരികളുടെ ബാല്യവും യൗവ്വനവും

തിരിച്ചു വന്നിരുന്നെങ്കിലെന്ന്

ആഗ്രഹിക്കുന്ന വാർദ്ധക്യവും...

ജീവിച്ചു കൊതി തീരുന്നതിനു മുമ്പ്

തൊട്ടു നുണയാൻ ഓടിയെത്തുന്ന മരണവും...





RUSHNA M
IX-C

# സുന്ദരമായ ഗ്രാമം

എൻെറ സ്വന്തം ഗ്രാമം
ഭംഗിയുള്ള ഗ്രാമം.
നദികളും പുഴകളും
നിറഞ്ഞൊഴുകും ഗ്രാമം.
എല്ലാം ഒതുങ്ങിയ ഗ്രാമം.
നാട്ടിൻ പുറത്തും കടകളിലും
ആളുകൾ തിങ്ങുന്ന ഗ്രാമം.
കുട്ടികൾ കളിക്കും പാടത്ത്
നോക്കി നിൽക്കും മാലാഖകൾ
ശാന്തി നിറഞ്ഞൊരു ഗ്രാമം.
സൗഹൃദം പൂക്കും നന്മകളിൽ
പൂത്തുലഞ്ഞ ഗ്രാമം.
വയലുകളും തോടുകളും
പൂന്തോട്ടവും മരങ്ങളും
വിദ്യാലയവും വീടുകളും
നിറയും ഭംഗിയാർന്ന ഗ്രാമം.
ഞാൻ വളർന്ന ഗ്രാമം.



RASHIDA FARHANA C
IX-A

# പ്രളയം

വാർത്തകളിൽ പ്രളയം...

കണ്ണുനീരിന്റെ, പ്രളയം.

എങ്കിലും ദു:ഖം

ഓർമ്മകൾ മറഞ്ഞു....

പ്രളയത്തിൽ ...

സ്വപ്നങ്ങൾ ഒഴുകി-

പ്രളയത്തിൽ

ഒടുവിൽ വന്ന

പത്ര വാർത്തയിൽ

ഒരു കടലിരുമ്പൽ

വാർത്തയുടെ ഉളളിലിങ്ങനെ-

ഞാൻ  കാത്തിരിക്കുകയാണ്

നീ തിരിച്ചുവരുമെന്ന

പ്രതീക്ഷയിൽ

പ്രളയം.....

ഹൃദയത്തിലും,

വാർത്തയിലും....



SNEHA BALAN
IX-B

# പ്രളയാനുഭവം

ആ ദിവസം ആകാശമാകെ കറുത്ത മേഘങ്ങൾ കൊണ്ട് മൂടിയിരിക്കുന്നു. എങ്ങും വിജനമായ അന്തരീക്ഷം. പെട്ടെന്ന് ആകാശം ശക്തമായ മഴയും കാറ്റും. എല്ലാവരെയും ഭീതിപ്പെടുത്തുന്ന മഴ. ഞങ്ങളുടെ ഇടവഴിയുടെ അവസാനത്തിലെ ചേചിയുടെ വീട്ടിലെത്തിമഴവെള്ളം നിറഞ്ഞു. അവരുടെ വീട് തൊട്ടരികിലായിരുന്ന തോട് കവിഞ്ഞൊഴുകിയപ്പോൾ അവരുടെ വീട്ടിലും വെള്ളം കയറി. ബുധനാഴ്ച ആയിരുന്നു ആ ദിവസം. അങ്ങനെ മണിക്കൂറുകൾ കഴിയുംതോറും വെള്ളം പലയിടത്തും കയറാൻ തുടങ്ങി. നാട്ടുകാരെല്ലാവരും ആശങ്കയി ലായിരുന്നു. അങ്ങനെ എന്റെ ഏട്ടൻ പറഞ്ഞു. പുഴയിൽ വെള്ളം കയറി എന്ന് . ആ പറഞ്ഞവാക്കുകളിൽ എന്തോ പേടിപ്പെടുത്തുന്നതുമായിട്ടുണ്ടായിരുന്നു. അപ്പോൾ എനിക്ക് എന്തന്നില്ലാത്ത ആകാംഷ പുഴ കാണാൻ .



അപ്പോൾ ഞാനും അച്ഛനും അനിയനും കൂടെ പുഴ കാണാൻ പോയി. പുഴയുടെ അടുത്തെത്തിയപ്പോഴുള്ള കാഴ്ച അത്ഭുതം തന്നെ പുഴ കവിഞ്ഞൊഴുകാൻ തുടങ്ങി. അതിതീവ്രമായ ശക്തമായ വേഗത്തിൽ പുഴ കവിഞ്ഞൊഴുകുന്നു. അപ്പോഴേക്കും കുര്യാട് ഭാഗത്തേക്ക് വെള്ളം കയറി. അങ്ങനെ വൈകുന്നേരമായി. അപ്പോഴേക്കും ഞങ്ങളുടെ ഇടവഴിയിൽ വെള്ളം നിറഞ്ഞു. എന്റെ കൂട്ടുക്കാരിയുടെ വീട്ടിൽ വെള്ളം കയറി. ഞങ്ങളുടെ ഇടവഴിയിലും വെള്ളം കയറി.എല്ലാവർക്കും പേടിയായി.

വ്യാഴാഴ്ച്ച രാവിലെ എണീറ്റു.അമ്മ ഞാൻ പറഞ്ഞു. വല്യച്ചന്റെ വീട്ടിന്റെ വഴിയിൽ

വെള്ളം കുതിച്ചുവരുകയായിരുന്നു. ഞാനും എന്റെ അനിയനും കൂടി വല്യച്ചന്റെ വീട്ടിൽ തോണി ഉണ്ടാക്കി വെള്ളത്തിൽ ഇട്ട് കളിച്ചു . ഉച്ചയ്ക്ക് ശേഷം കണ്ടപ്പോഴുള്ള ഒരു അത്ഭുതം വേറെ തന്നെ വെള്ളം അവരുടെ മുറ്റത്തെത്തി . വെള്ളം കയറിയവീട്ടുക്കാർ സാധനങ്ങളൊക്കെ മാറ്റാൻ തുടങ്ങി . അച്ഛൻ പറഞ്ഞു ഞങ്ങളുടെ വീട്ടിൽ വെള്ളം കയറിയില്ലായെന്ന് എന്നാലും അച്ഛനും അമ്മയും പേടിച്ചുടി. രാത്രി പതിനൊന്ന് മണിക്ക് ഞങ്ങളുടെ വീട്ടിലും വെള്ളം കയറി. ഞങ്ങളുടെ വീട്ടിലെ സാധനങ്ങളൊക്കെ വല്യമ്മയുടെ വീട്ടിൽ കൊണ്ടുവെച്ചു. പിന്നെ മൂന്ന് മണിക്ക് വല്യമയുടെ വീട്ടിൽ വെള്ളം കയറുമെന്ന് ഞങ്ങൾ വിച്ചാരിച്ചില്ല. വെള്ളിയാഴ്ച രാവിലെ വീട്ടിലേക്ക് പോയപ്പോൾ ഉള്ളിലേക്ക് കയറി. വെള്ളം കൂടി വന്നു . ഇവിടത്തെ മെമ്പർ പറഞ്ഞു ദുരിദാശ്വക്യാമ്പിലേക്ക് വരാൻ. ഞങ്ങൾ ക്യാമ്പിലേക്ക് ചെന്നു. ഇവിടെ ഭക്ഷണം, വസ്ത്രം, ഞങ്ങൾക്കാവശ്യമായ സാധനങ്ങൾ തന്നു. ചില ടീച്ചർമാർ ഞങ്ങളെ കാണാൻ വന്നു. എല്ലാവരും ഞങ്ങളെ പരിചരിച്ചു.കുറച്ച് ദിവസങ്ങൾക്ക് ശേഷം വീട്ടിൽ നിന്ന് വെള്ളമിറങ്ങി.

ഞങ്ങൾ പോകുന്ന പിറ്റേ ദിവസം ചില ടീച്ചർമാർ ഞങ്ങളെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു. വീട്ടിൽ വെള്ളം കയറി എന്നൊന്നും നിങ്ങൾ വിഷമിക്കേണ്ട ഇത് നിങ്ങളുടെ പുതിയ ജീവിതമാണെന്ന് പറഞ്ഞു ക്യാമ്പിലെ ഓർമകൾ എന്റെ മനസ്സിൽ നിന്ന് മായാതെ കിടക്കും

എന്റെ ജീവിതത്തിൽ സംഭവിച്ചിട്ടുള്ള വ്യത്യസ്തമായ അനുഭവമാണ് . ഈ അനുഭവം ഞാൻ നിങ്ങൾക്ക് സമർപ്പിക്കുന്നു.

**ഓർക്കുക...........ഓർക്കണം........എന്നും.........എപ്പോഴും**





**RUSHNA M**
**IX-C**

# എന്റെ സ്വന്തം അമ്മ



താരാട്ടു പാടി ഉറക്കും എന്നമ്മ

രാരീരോ രാരീരോ പാടിയുറക്കും...

സ്നേഹം തന്നും അന്നം തന്നും

എന്നെ വളർത്തി എന്നമ്മ...

പിച്ചാ പിച്ചാ നടത്തി എന്നമ്മ

സ്നേഹിച്ചും ലാളിച്ചും കൊണ്ടു നടന്നു...

അമ്മതൻ സ്നേഹങ്ങൾ ഒക്കെയും തന്നു

കരയുന്ന നേരത്ത് പാലും തന്നു...

രുചിയേറും വിഭവങ്ങൾ വാരി തന്നു

കണ്ണിലെ വെളിച്ചം മുഴുവൻ തന്നു...

സ്നേഹത്തിൻ പാട്ടുകൾ പാടി തന്നു

രാജകുമാരന്റെ കഥകൾ പറഞ്ഞു...

പാഠങ്ങളെല്ലാം പഠിപ്പിച്ചു തന്നു

രാരീരം രാരീരം പാടിയുറക്കും...

എന്നമ്മയാണെനിക്കെല്ലാമെല്ലാം.....



**SHAHANA SHARIN KM**
**IX-C**

# MY CLASS ROOM AND GOAL

*Play the role of my life*

*The  palace laught by the letter*

*Characters lined in that palace*

*We must wait that call.*

*Step into the class*

*Step up the steps of life*

*If you can book the book and forget it*

*We  reach the goal.*

*Do  not get into the class and feel the little one*

*It's just like reading a little from the book*

*go to the destination,no need to feel anymore*

*let 's  think a head of the goal.*





SNEHA BALAN KM
IX-C

# വേർപ്പാടിന്റെ വേദന

ഒരു വാക്ക മിണ്ടാതെ
ഒന്ന തലോടാതെ എവിടെ പോയ്
നീയെന്റെ ചേച്ചിയമ്മേ....
ഒരു നല്ല വാക്കിന്റെ
ശീലുകൾ മൂടാതെ എവിടെയൊളിച്ച-
നീ ചേച്ചിയമ്മേ...
വിദ്യാലയത്തിന്റെ മുറ്റത്തു
വെച്ചു നീ ഉത്സാഹത്തോടെ
നാം പോയതല്ലേ...
പനി കൂടി ഓർമ്മ പോയ്
എന്ന് കേട്ടപ്പോഴും ആറേഴുന്നാൾ
മുമ്പ് പോയതല്ലേ....
ഒരമ്മ പെറ്റുള്ള മക്കളെ-
പോലെ നാം കളിചിരിയോടെ
നടന്നതല്ലേ...
ഒരു വാക്ക മിണ്ടാതെ
ഒന്ന തലോടാതെ എവിടെ പോയ്
നീയെന്റെ ചേച്ചിയമ്മേ....



**FOUZAN**
**IX-B**

# ഓർമകളിലെ ഇന്നലകൾ

എല്ലാ കാലത്തിലുമുള്ള എല്ലാ മനുഷ്യർക്കും ഒരു കഥ പറയാനുണ്ടാകാം. ഏകാന്തമായ ഇടങ്ങളെ എങ്ങനെ അതിജീവിക്കാം എന്നതിനു എനിക്ക് പറയാനുള്ളത് എൻെറ കലാലയത്തെക്കുറിച്ചാണ്. ജീവിതത്തിൻെറ ഇരുളറകളിൽ തെളിയുന്ന നക്ഷത്രവിളക്കായിരുന്നു എൻെറ കലാലയജീവിതം. പറഞ്ഞാൽ തീരാത്ത രഹസ്യ വുമായി തീർത്താൽ തീരാത്ത സ്നേഹവുമായി ആ സുന്ദര മുഹൂർത്തം ഇനി ഓർമകളായിത്തീരും. എന്നും ഓർക്കാൻ സ്നേഹം മാത്രം തന്ന് എന്നെ തനിച്ചാക്കിയ കലാലയം. ഇണക്കവും പിണക്കവും നിറഞ്ഞ ഈ കൂട്ടു കെട്ടിൽ ഓർമിക്കാൻ ഒരു പാട് നിമിഷങ്ങൾ തന്ന മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെപ്പോലെ എൻെറ മനസ്സിലേക്ക് ആദ്യമായി കടന്ന് വരുന്ന എൻെറ സുഹൃത്തുക്കൾ! അണയാത്ത നാളമായി ഒത്തിരി ഓർമകൾ നിറയുന്ന കെടാവിളക്കാണ് എനിക്കീ തിരുമുറ്റം. ഓർമയിൽ സൂക്ഷിക്കാൻ ഒരുപിടി നല്ല ഓർമകൾ .ഒരായിരം ഓർമകൾക്കും അനുഭവങ്ങൾക്കും സാക്ഷിയായ വരാന്തകൾ....ആ ക്ലാസുകൾ.... ഇനിയും യൂണിഫോമിട്ട് അവിടെ വരാൻ..തമാശ പറഞ്ഞും ചിരിച്ചും പങ്കിട്ട വലിയ മോഹം സാക്ഷാത്കരിക്കാനായി എൻെറ ജീവിതത്തിലേക്ക് കടന്ന് വന്ന എൻെറ കലാലയം........





SNEHA BALAN KM
IX-B

# നവ കേരളം-എന്റെ കാഴ്ചപ്പാട്

ഇന്ന് കേരളപ്പിറവി. ഈ കേരള പിറവിക്ക് ഒരുപാട് ആശയങ്ങളുണ്ട്. ഒരു മഹാ പ്രളയത്തെ അതി ജീവിച്ച കേരളം. 1956 നവംബർ 1 ന് നമ്മൾ കേരളപ്പിറവി യായി ആചരിക്കുന്നു. നമ്മുടെ ആ മഹാപ്രളയത്തിൽ ആയിരത്തിൽപ്പരം മനുഷ്യരും ജീവജാലങ്ങളും ചത്തൊടുങ്ങി. പ്രളയം കഴിഞ്ഞപ്പോൾ നമ്മുടെ പ്രകൃ തി തന്നെ മാറിപ്പോയിരിക്കുന്നു. മറ്റു ഗ്രഹങ്ങളിൽ നിന്നും കാണുമ്പോൾ കേരളത്തി ലെ ഭൂപ്രകൃതി തന്നെ മാറിയിരിക്കുന്നു. എത്രയോ കുടുംബങ്ങൾ ....എത്രയോ ജീവ നുകൾ ഈ കേരളത്തിന് ബലി സമർപ്പിച്ചു.

അമ്മയാണ് കേരളം. ഈ കേരളത്തിനെ നമുക്ക് പുനർജനിപ്പിക്കണം. ഗാന്ധിജി, ശ്രീ നാരായണ ഗുരു എന്നിവരുടെ മഹത്തരമായ വാക്കുകളെ നമ്മൾ മുൻഗണന കൊടുത്തുകൊണ്ട് നവ കേരളത്തിന്റെ സ്രൃഷ്ടിക്കായി ,തകർന്നടിഞ്ഞ റോഡുകളും വീടുകളും നമ്മൾ പുനർസൃഷ്ടിക്കുന്നു. നവ കേരളത്തിന്റെ പുതിയ സൃഷ്ടിക്കായി നമുക്ക് ഒരുമയുടെ കരങ്ങളാൽ ഒന്നിച്ചു മുന്നേറാം. ലിംഗസമത്വം ഉറപ്പാക്കുക, ഭക്ഷ്യ സ്വയം പര്യാപ്തത ഉറപ്പാക്കുക, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഒരു കൈത്താങ്ങാവുക, ബദൽ കെട്ടിട നിർമാണം, പ്രവാസികളുടെ പങ്ക് ഉറപ്പാക്കൽ, മാലിന്യനിർമാർജ്ജന ങ്ങളുടെ പങ്ക് വിലയിരുത്തൽ, ഇങ്ങനെ കുറേ കാര്യങ്ങളുണ്ട് നവകേരള സൃഷ്ടിക്കായി. ഇന്നും നമ്മൾ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് പണം സമാഹരിക്കുന്നു.

നമ്മുടെ ദുഃഖിതനായ കേരളത്തെ സന്തോഷവാനാക്കണ്ടേ... അതിന് നമ്മൾ ഉയർത്തെഴുന്നേൽക്കുക. നമ്മുടെ രണ്ട്കരങ്ങൾ മതി നവകേരളത്തിന്റെ സൃഷ്ടിക്കായി. ഞാനും ഒരു പ്രളയം ബാധിച്ച ഒരു കുട്ടിയാണ്. പക്ഷേ അതിനെ തരണം ചെയ്ത് ഇന്നും ഞാൻ ജീവിക്കുന്നു. പ്രളയം വന്ന ശേഷം സ്കൂളുകളാണ് അഭയകേന്ദ്രങ്ങളാക്കിയത്. ഇനിയും നമ്മൾ ഒരോകുട്ടിക്കും വിദ്യാഭ്യാസം നൽകേണ്ടതുണ്ട്. അവരുടെ അരോഗ്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഒറ്റ നിമിഷം കൊണ്ട് കെട്ടി പൊക്കിയ ഫാക്ടറികളും രാജ മാളികകളും ഒറ്റ നിമിഷം കൊണ്ട് തന്നെ തകർന്നടിഞ്ഞില്ലേ? നമ്മുടെ ഓരോ ദൂഷിച്ച പ്രവൃത്തികൾ കൊണ്ടാണ്. കേരളം ഒരു വലിയ പ്രതിസന്ധി തന്നെ നേരിടുന്നു. ഇപ്പോഴും നമ്മുടെ നാട്ടിൽ താമസിക്കുന്ന കുറേ സാധുവായ വൃദ്ധ ജനങ്ങളുണ്ട്.





**SHAHANA E**
**IX-B**

# നന്ദിപൂർവ്വം ഗുരുനാഥക്ക്...

ഡോ.ഹരികൃഷ്ണൻ ട്രെയിനിലെ ഫസ്റ്റ്ക്ലാസ് കമ്പാർട്ട്മെന്റിലിരുന്ന് ലക്ഷ്മി ടീച്ചറെക്കുറിച്ച് ഓരോന്ന് ഓർക്കുകയായിരുന്നു.ഇന്നലെ രാത്രിയാണ് ബാംഗ്ലൂരിൽ നിന്ന് പുറപ്പെട്ടത്. നാട്ടിലെത്തുവോളം ടീച്ചറെക്കുറിച്ചല്ലാതെ മറ്റാരെക്കുറിച്ച് ചിന്തിക്കാൻ!

ഹരികൃഷ്ണൻ പത്താം ക്ലാസിൽ പഠിക്കുമ്പോൾ അവന്റെ അച്ഛൻ മരിച്ചു. അമ്മ ജാനു വളരെ കഷ്ടപ്പെട്ടാണ് അവനെ വളർത്തിയത്. ലക്ഷ്മി ടീച്ചറുടെ വീട്ടിലെ പണിക്കാരിയായിരുന്നു ജാനു. അകാലത്തിൽ വിധവയായ ടീച്ചർക്ക് മക്കളില്ല.ഒറ്റക്കാണ് താമസം. ഒരു ദിവസം ടീച്ചർ ചോദിച്ചു, "ജാനു മോൻ എത്രയിലാ പഠിക്കുന്നേ"?

“പത്തിലാ ടീച്ചറെ പഠിക്കാൻ മിടുക്കനാ. ഇനീം പഠിപ്പിക്കാൻ മോഹണ്ട്. പക്ഷേ... എന്നെ കൊണ്ടു കഴിയല്ല"

ജാനുവിന്റെ സങ്കടം ടീച്ചർക്ക് മനസ്സിലായി. ഹരികൃഷ്ണൻ ഫസ്റ്റ് ക്ലാസിലാണ്, പത്താതരം പാസായതും. കോളേജിൽ ചേർത്തതും. അവന് ഡോക്ടറാകാൻ വേണ്ടിയുള്ള ഉപരിപഠനത്തിന് അയച്ചതും ടീച്ചർ തന്നെ, അവന്റെ വളർത്തമ്മ എന്നുതന്നെ പറയാം ഹരിക്കും ടീച്ചറെ ഇഷ്ടമാണ്. പഠനം പൂർത്തിയാക്കിയ ഉടൻ, ഹരികൃഷ്ണന് ബാംഗ്ലൂരിൽ തന്നെ പ്രസിദ്ധമായ ഒരു ഹോസ്പിറ്റലിൽ ജോലി കിട്ടി. അമ്മയെ കൂട്ടികൊണ്ടു പോകാൻ ചെന്നതാണ്. പക്ഷേ തനി നാട്ടുമ്പുറത്തുകാരിയായ അമ്മ വഴങ്ങിയില്ല.

അമ്മയുടെ മരണ ശേഷം നാട്ടിൽ പോക്ക് വല്ലപ്പോഴുമാക്കി അതും ടീച്ചറെ കാണാൻ മാത്രം. ഹരി ജനലിലൂടെ പുറത്തേക്ക് നോക്കി അവിടെല്ലാം ലക്ഷ്മി

ടീച്ചറെ മാത്രമാണ് അവന് കാണാൻ കഴിഞ്ഞത്. ഡോക്ടർ ബാഗ് തുറന്നു. പലവട്ടം വായിച്ച കത്ത് അവൻ പുറത്തെടുത്തു.

*പ്രിയപ്പെട്ട ഹരി.......*

*നിനക്ക് സുഖം തന്നെയല്ലെ ! എന്റെ കാര്യം അറിയാലോ തീരെ വയ്യ. ഒരു ദിവസം നിന്നെ കാണാൻ ഹോസ്പിറ്റലിൽ വന്നിരുന്നു. നിന്റെ മുറിയിലെ ജനതിരക്ക് കണ്ടപ്പോൾ മനസ്സിന് വല്ലാത്ത സന്തോഷം തോന്നി. വൈകീട്ട് നിന്റെ വീട്ടിലെത്തിയപ്പോൾ നീ എത്തിയില്ല എന്ന് പറഞ്ഞു. നല്ല താമസസ്ഥലം നല്ല ആളുകൾ . നിന്റെ പൂജാമുറിയിൽ ചെന്നപ്പോൾ കണ്ണ് നിറഞ്ഞുപ്പോയി. എന്തിനാണ് എന്റെ ഫോട്ടോ ദേവിയുടെ ഒപ്പം വെച്ചിരിക്കുന്നത്. ഞാൻ അത്ര നല്ല ആളൊന്നുമല്ല . നിന്നെ കാണാൻ കഴിഞ്ഞില്ലെങ്കിലും സമാധാനമായിരുന്നു.*

*എന്ന് സ്വന്തം*

*ടീച്ചർ*

ടീച്ചറെ കാണാൻ മനസ്സ് വെമ്പി. ട്രെയിനിറങ്ങി അതാ നിൽക്കുന്നു രാമേട്ടൻ !മുഖം വല്ലാതിരിക്കുന്നു, രാമേട്ടാ എന്താ ഇവിടെ ? ഹരി വരുമെന്ന് അറിഞ്ഞ് വന്നതാ. എന്താ ഒരു വിഷമം ,പറ രാമേട്ടാ.....*മോനേ ഇനി ഒരിക്കലും ടീച്ചറെ കാണാൻ കഴിയില്ല.*





NAJIYA
VII-A


# തരുമോ തിരികെ എൻ താളം

കുടിനീരുറവയായ് ഒഴുകിയ എന്നെ നീ
പ്രളയത്തിലേക്കെന്തിനിന്നായച്ചു
ഒരു കുടിനീരുറവയായ് ഒഴുകിയതല്ലേ ഞാൻ
പിന്നെന്തിനിന്നെന്നെ പ്രളയമാക്കി
വൻ ദുരന്തമാക്കി....
ഒരു സുന്ദര നീരുറവയായ്  ഒഴുകിയതല്ലേ ഞാൻ
പിന്നെന്തിനിന്നു മലിനമാക്കി......
ഒരു സുന്ദര രൂപമായ്  ഒഴുകിയതല്ലേ എന്തിന്
എന്തിനു പിന്നെന്റെ
സുന്ദരരൂപത്തെ കയ്യേറിയേ....
കളകള താളമിട്ടൊഴുകിയ എന്റെ താളത്തെ
പിടിച്ചുടച്ചതെന്തേ
പകരമായ് തിരികെ നൽകുമോ....
എനിക്കെന്റെ സുന്ദരരൂപത്തെയും
ചലനമറ്റ എന്റെ താളത്തെ പുതുജീവന-
ണിയിക്കുവാൻ സാധിക്കുമോ.....








MINHA FATHIMA
IV-A


MUHAMMED FARSHAD
VII-A




ADHINATH
IV-A



ATHEENDRANATH
IV-A


MUBEENA M
X-A






**DIGITAL PAINTING**



# DIGITAL PAINTING








SHREYA
II-A

# ഇടുക്കിയിലെ മലഞ്ചെരിവിലൂടെ ഒരു യാത്ര

വളരെ അപ്രതീക്ഷിതമായിട്ടാണ് ഇടുക്കിയിലേക്ക് ഒരു യാത്ര പോകാനുള്ള അവസരം എനിക്ക് കിട്ടിയത്.കൂടെ എന്റെ അച്ഛനും അമ്മയും ചേട്ടനും ഉണ്ടായിരുന്നു.ഒരു ടൂറിസ്റ്റ് ബസ്സിലായിരുന്നു യാത്ര. വെള്ളിയാഴ്ച രാത്രി പത്ത് മണിക്കാണ് പുറപ്പെട്ടത്. ആദ്യം മൂന്നാറിലേക്കാണ് പോയത്. തേയിലത്തോട്ടങ്ങൾ നിറഞ്ഞ മലഞ്ചെരുവിലൂടെയുള്ള യാത്ര വളരെ രസകരമായിരുന്നു. ഇടക്കിടെ വെള്ളച്ചാട്ടങ്ങളും വൻ മരങ്ങളും മനോഹരമായിരുന്നു. അവിടെ ടോപ്പ്സ്റ്റേഷൻ സന്ദർശിച്ചു.ഇത് തമിഴ്നാട്ടിലെ തേനി ജില്ലയിലെ അടുത്താണ്. ഇവിടെ മേഘങ്ങളുടെ കൈയ്യെത്തും ദൂരത്ത് നിൽക്കാം. ചുറ്റും മേഘങ്ങൾ നിറഞ്ഞവിടം ഒരു വിസ്മയക്കാഴ്ച തന്നെയാണ്. പിന്നെ ഞങ്ങൾ പോയത് ഡാം കാണാൻ ആണ്. പ്രകൃതി രമണീയമായ ഇവിടെ ബോട്ടിങ്ങും കുതിരസവാരിയും ഉണ്ടായിരുന്നു.

പിന്നീട് ഞങ്ങൾ പോയത് രാമക്കൽമേട്ടിലേക്കാണ്. കേരളത്തിന്റെയും തമിഴ്നാടിന്റേയും അതിർത്തിയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇവിടെ കുറവന്റെയും കുറത്തിയുടെയും പ്രതിമകളുണ്ട്. ഈ മലയിലേക്ക് കയറാൻ വളരെ പ്രയാസമാണ്.രാമക്കൽ മേടിന്റെ ഉച്ചിയിലെത്തിയാൽ തമിഴ്നാടിന്റെ സൗന്ദര്യം കാണാം. വളരെ അധികം പ്രകൃതിരമണീയമായ ഇവിടം എപ്പോഴും വീശിയടിക്കുന്ന കാറ്റാണ്. "രാമൻ കാൽ വെച്ച ഇടം"എന്നർത്ഥത്തിലാണ് ഇതിന് രാമക്കൽ മേട് എന്ന പേര് വന്നത്.ഇവിടത്തെ കാഴ്ച വിവരണാതീതമാണ്.

പിന്നീട് ഞങ്ങൾ പോയത് ഇടുക്കിഡാമിലേക്കാണ്.ഇതിനടുത്ത് തന്നെയാണ് ആർച്ച്ഡാം സ്ഥിതിചെയ്യുന്നത്.കുറവൻ മലയുടെയും കുറത്തി മലയുടെയും ഇടയിലുള്ള ഈ ഡാം അതിമനോഹരമായ ഒരു കാഴ്ച തന്നെയാണ്.ഞങ്ങൾ ഡാമിന്റെ മുകളിലൂടെ കുറേ ദൂരം നടന്ന് വൈശാലി ഗുഹയിലേക്ക് പോയി.അതിനുള്ളിൽ എത്തിയപ്പോൾ നല്ല ഇരുട്ടായിരുന്നു. ഞങ്ങൾ മടങ്ങി വന്നപ്പോഴേക്കും രാത്രിയായിരുന്നു. പ്രളയത്തിന്റെ ബാക്കി പത്രമായ ഒരുപാട് സ്ഥലങ്ങൾ ഞങ്ങൾ ഇടുക്കിയിൽ കണ്ടു.മലനിരകൾ ഇറങ്ങി വരുമ്പോൾ താഴെ റോഡിൽ വാഹനങ്ങൾ ഉറുമ്പരിക്കുന്നതു പോലെ കാണപ്പെട്ടു.കൊടും തണുപ്പും പച്ച വിരിച്ച മലനിരകളും തേയിലത്തോട്ടങ്ങളും നിറഞ്ഞ ഇടുക്കി ദൈവത്തിന്റെ സ്വന്തം നാടെന്ന പേര് കേരളത്തിന് യോജിച്ചതാണെന്ന് കാണിച്ചു തരുന്നു.





**REKHA**

# കൗമാരം പ്രതീക്ഷകളുടെ കാലം

കൗമാരം,കാലത്തിന്റെ കടന്നുപോവലിനിടയിൽ അനുഭവപ്പെടുന്ന മനോഹരമായ ഒരു അവസ്ഥയാണ്. ജീവിതത്തിലുടനീളം ഓർത്ത് വെക്കാവുന്ന, വഴിത്തിരിവുകളായി മാറാവുന്ന ,പ്രായത്തിന്റെ വികൃതികളും സുകൃതങ്ങളും കടന്നു വരുന്ന സമയമാണത്. ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ നാമേവരും ഇതിലെ കട ന്നുപോവുക തന്നെ ചെയ്യും. കൗമാരപ്രായത്തെ മനോഹരമായും ആസ്വാദകരമാ യും അനുഭവപ്പെടുത്താൻ കഴിയുമെങ്കിൽ ജീവിതവിജയത്തിനു മുതൽക്കൂട്ടാവുമെന്ന കാര്യത്തിൽ ആർക്കും രണ്ടഭിപ്രായമുണ്ടാവുകയില്ല.

അനുഭവങ്ങളുടെ കയ്പും മധുരവും നേരും നെറിയും ശരിതെറ്റുകളും അതിർ വരമ്പുകളായിതിരിച്ചറിയാൻ ഈ ഘട്ടത്തിൽ പലർക്കും കഴിയാറില്ല.എല്ലാ മുതിർന്നവരിലും ഒരു കൗമാരക്കാരനുണ്ടായിരുന്നെന്ന് പലപ്പോഴും നാമോർക്കാറില്ല. ജീവിതപാഠങ്ങൾ നൽകുന്ന തിരിച്ചറിവുകളാണ് ഈ പ്രായത്തെ കലുഷിതമാക്കുന്നത്. ഉപദേശങ്ങളും നിബന്ധനകളും നിയന്ത്രണങ്ങളും പൊട്ടിച്ചെ റിയാൻ വെമ്പൽ കൊള്ളുന്ന ഒരു കൗമാര കാലം എല്ലാവരിലും ഉണ്ടായെ തീരൂ.അത് കാലത്തിന്റെ അലിഖിതമായ അനിവാര്യതയാണെന്നു നാമോർക്കണം.

അംഗീകാരവും സ്നേഹവും സാന്ത്വനവും ഏറെ ആവശ്യപ്പെടുന്ന കൗമാര പ്രായത്തിൽ ഇവയൊന്നും ലഭിക്കാത്ത കുട്ടിയുടെ മാനസികാവസ്ഥ പ്രക്ഷുബ്ധമാ യിരിക്കുമെന്ന് തീർച്ച. മാതാപിതാക്കളും സമൂഹവും അധ്യാപകരുമടങ്ങുന്ന കൂട്ടായ്മയിൽ പലപ്പോഴും ജീർണ്ണത കടന്നുവരുന്നത് പ്രശ്നങ്ങൾ സങ്കീർണ്ണ മാക്കുകയും ചെയ്യും. സ്വന്തം കുടുംബത്തിലുണ്ടാകുന്ന അരക്ഷിതാവസ്ഥയും അവഗണനയും പീഠനങ്ങളും കുട്ടി കുറ്റവാളികളെ സൃഷ്ടിക്കുന്നതിൽ എന്ത്

സംശയമുള്ളത്, സമൂഹത്തിന്റെ അവിഭാജ്യഘടകമാണ് ഓരോ വിദ്യാർത്ഥിയുമെന്നറിയാം. പക്ഷേ സമൂഹത്തിനു നേരെ ചൂണ്ടുന്ന ഒരോ വിരലും നമ്മുടെ നേർക്കാണ് ചൂണ്ടുന്നതെന്നു സത്യം നാം സൗകര്യപൂർവ്വം മറക്കുന്നു. അന്യന്റെ പ്രശ്നങ്ങളെ സഹതാപത്തോടെയോ നിസ്സഹായതയതയോടെയോ നിസ്സംഗതയോടെയോ സമീപിക്കുന്ന നമ്മുടെ സാമൂഹ്യ ബോധമാണിവിടെ പ്രതിക്കൂട്ടിലാക്കേണ്ടത്.

ക്ലാസ് മുറി ഒരു സമൂഹത്തിന്റെ നേർക്കാഴ്ചയാണ്. മാനസിക, ശാരീരിക, സാമൂഹ്യ, സാംസ്കാരിക തലങ്ങളിൽ ഭിന്നവളർത്തികളായ വ്യക്തിത്വങ്ങളാണ്. അവർ ഓരോരുത്തരും അറിവ് പകർന്ന് നൽകാനുള്ള ഭാണ്ഡങ്ങളായി അധ്യാപകർ മാറുന്നതു തന്നെ പരിഹാസ്യമായ വസ്തുതയാണ്. അറിവു നേടാനുള്ള പശ്ചാത്തലമൊരുക്കാൻ മാത്രമേ ഒരു നല്ല അധ്യാപകനു സാധിക്കൂ. അറിവ് സ്വായത്തമാക്കുന്ന പ്രക്രിയ തികച്ചും വൈയക്തികമാണ്. ക്ലാസ് മുറിയിൽ സൗഹൃദാന്തരീക്ഷവും ജനാധിപത്യബോധവും കൂട്ടായ്മയും സൃഷ്ടിച്ചെടുക്കാനാണ് അധ്യാപകർ ശ്രദ്ധ പതിപ്പിക്കേണ്ടത്.ഇതിൽ വിജയിച്ചാൽ പഠനപ്രക്രിയ സുഖമമായി നടന്നുകൊള്ളുമെന്നതാണ് വസ്തുത. കുട്ടിയെ അറിയാനുള്ള ശ്രമത്തിന്റെ ആദ്യ പടി അവനെ അംഗീകരിക്കൽ തന്നെയാണ്. ഭിന്നശേഷികളുള്ള ഓരോ കുട്ടിയും സ്വീകരിക്കപ്പെടണം. കുട്ടിയുടെ പ്രശ്നങ്ങൾ കേൾക്കാനുള്ള ക്ഷമയും അധ്യാപകർക്ക് കൂടിയേ തീരൂ. യുക്തി ബോധത്തോടെ ചിന്തിക്കാനും വിവേചിച്ചറിയാനും അവനെ പ്രാപ്തനാക്കാൻ അധ്യാപകരെന്ന നിലയിൽ നമുക്കും കടമയുണ്ട്.നാളെയുടെ വാഗ്ദാനങ്ങളായ നമ്മുടെ കുട്ടികൾക്ക് പൂമൊട്ടാവുമ്പോൾ തന്നെ പരിചരണനൽകാനും കരിഞ്ഞുണങ്ങാതെ സംരക്ഷിക്കാനുള്ള ബാധ്യത ഏറ്റെടുത്തേ മതിയാവൂ.ഈ പ്രായത്തിലുണ്ടാകുന്ന അക്രമവാസനയും എടുത്തുചാട്ടവും വിവേക പൂർവ്വം കൈ കാര്യം ചെയ്യാനുള്ള പ്രാപ്തിയും അധ്യാപക സമൂഹം ആർജിച്ചെടുക്കണം.

കാലം നൽകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാനും ആമാറ്റങ്ങളെ ജീവിതവിജയത്തിനും സമൂഹനന്മക്കും ഉപയോഗിക്കാനുമുള്ള പ്രതിജ്ഞാബദ്ധ സധൈര്യം ഏറ്റെടുക്കുകയാണെങ്കിൽ നമ്മുടെ കുട്ടികളുടെ കൗമാരഘട്ടത്തെ അനുഭൂതി മധുരമായി മാറ്റാൻ നമ്മുക്ക് സാധിക്കുമെന്ന് നിസ്സംശയം പറയാം.



SHANIBA


# IR 4.0 ൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രസക്തി

*അന്ന് കുട്ടിയും കോലും കളിച്ചിരുന്ന കൈകളിൽ ഇന്ന് മൊബൈൽ ഫോണുകളും, ലാപ് ടോപ്പുകളും ഇൻറർനെറ്റിന്റെ ഗുണവും ദോഷവും ചർച്ച ചെയ്തിരുന്ന സദസ്സുകളിൽ ഇന്ന് വിവരവിനിമയ സാങ്കേതികവിദ്യയുടെ അനന്ത സാധ്യതകളാണ്.*

*വ്യാവസായിക വിപ്ലവം നാലാം ഘട്ടത്തിൽ (IR 4.0) ഐ.ടി സാധ്യതകളുടെ പ്രാധാന്യം വിപുലമാണ്. വിദ്യാഭ്യാസരംഗത്തും, മെഡിക്കൽ രംഗത്തും, വ്യാവസായിക രംഗത്തും എല്ലാം എല്ലാം IT സാധ്യതകൾ പ്രയോജന പ്പെടുത്തുന്ന എണ്ണമറ്റ മേഖലകൾ അനുദിനം വികസിച്ചു കൊണ്ടിരിക്കുന്നു. ആഗ്മെന്റഡ് റിയാലിറ്റി പ്രാബല്യത്തിൽ കൊണ്ടുവരാനും ബിഗ് ഡാറ്റകളെ അതിവേഗത്തിലും സുരക്ഷിതമായും കൈകാര്യംചെയ്യാനും ശാസ്ത്രസമൂഹം പ്രാവീണ്യം നേടേണ്ടതുണ്ട്. മാത്രമല്ല കമ്പ്യൂട്ടർ ഹാക്കിങ്ങ് പോലുള്ള സൈബർ കുറ്റകൃത്യങ്ങളെ തടയാനും,സുരക്ഷ നേടാനും ഒക്കെ ഓരോ സാധാരണക്കാരനും അറിവുണ്ടായിരിക്കണം. ഡോക്ടർമാരില്ലാത്ത ആശുപത്രികളും ,കർഷകനില്ലാത്ത കൃഷിയിടങ്ങളും ഉള്ള കാലം വിദൂരമല്ല. എല്ലാം റോബോട്ടുകളുടെ നിയന്ത്രണത്തി ലായിരിക്കും. ഈയൊരു സാഹചര്യത്തിലാണ് നമ്മുടെ സ്കൂളുകളിൽ "ലിറ്റിൽ കൈറ്റ്" പോലുള്ള പദ്ധതികളുടെ പ്രസക്തിയേറുന്നത്. പുസ്തകങ്ങളിൽ കോറിയിട്ട*

*അക്ഷരങ്ങൾക്കും, അക്കങ്ങൾക്കും അപ്പുറം വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും ഐ.ടി സാധ്യതകൾ ഓരോ വിദ്യാർത്ഥികളും കണ്ടെത്തേണ്ടതുണ്ട്. അവരിലൂടെ പൊതുസമൂഹവും ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.*

*കേവലം ജീവിത നൈപുണികൾ ആർജിക്കുക എന്നതിനപ്പുറം ഓരോ വിദ്യാർത്ഥിക്കും അവന്റെ അഭിരുചിക്കനുസരിച്ച് പ്രവർത്തിക്കാനും പുതുലോകം സൃഷ്ടിക്കാനും സാധിക്കണം. സ്വന്തമായി സോഫ്റ്റ് വെയർ നിർമ്മിച്ച 9 കാരനും ,ഐ.ടി കമ്പനി മേധാവികളായ 14 കാരനും നമ്മുക്ക് പരിചിതമായ മലയാളികളാണ്.അവരെയെല്ലാം മാതൃകയാക്കി ഐ ടി മേഖലകളിൽ സ്വന്തം കയ്യൊപ്പ് ചാർത്താൻനമ്മുടെ ഓരോ കുട്ടികൾക്കും സാധിക്കട്ടെ എന്ന പ്രത്യാശയോടെ.......*





**SHABAD**
**IX-C**

# اللغة العربية

إنّ اللّغة العربيّة من أبرز اللّغات على الإطلاق وأكثرها جزالةً في الألفاظ وقُدرةً على استيعاب المعاني الجليّة، إذ تُدعى بلغة الضّاد، وهي لغةٌ فضفاضةٌ واسعةُ المدى والبيان ،وقد كان العرب سابقاً يتفاخرون بقدرتهم على نظم الشّعر وضرب الأمثال والنّثر والبلاغة ومازالَ اللّسانُ العربيّ فصيحاً حتّى اختلطت بالعرب عناصرَ من العجم الذين دخلوا في الإسلام عصرَ الدّولة الأمويّة، وبشكلٍ أكبر في عصر العبّاسيين المُتأخّر؛ حيث أُعجمت الألسنة وتأثّر بَريق لغة الضّاد، فاحتاجَ الأمر أن يقف رجال القواعد لضبط الألسنة وتقويم اعوجاجها، وتنقيحها من الدّخائل والمُصطلحات التي ليست منها .

## نشأة اللغة العربية

تُعتبر اللّغة العربيّة من أقدم اللّغات، ويعود أصلها إلى اللّغات السّامية، وتُعتبر الأقرب إليها من بين جميع اللّغات التي تعود لنفس الأصل، ويعود أصل أقدم نصوصٍ عربيّة عُثِرَ عليها إلى القرن الثّالث بعد الميلاد، وهي نصوص شعريّةٌ جاهليّةٌ تتميّز ببلاغة لغتها، وأسلوبها الرّاقي، ووزنها الشعريّ المُنتظم، وترجح أغلب الأقوال بأنّ أصل اللّغة العربيّة يعود لبلاد الحجاز في شبه الجزيرة العربيّة، وتطوّرت مع الزّمن نتيجةً لعدّة عوامل، منها تعدُّد الحضرات وتعدُّد لهجاتها، وإقامة الأسواق المُختلفة مثل سوق عكاظ. وتُعتبر الأسواق من أبرز العوامل التي أثّرت وتسبّبت في ظهور اللّغة العربية الفصيحة وتطوّرها كثيرا .

# أهميّة اللغة العربيّة ومكانته

تُعتبر اللّغة بشكل عامّ من أهمّ ميّزات الإنسان الطبيعيّة والاجتماعيّة، وهي الوسيلة الأفضل للتّعبير عن المشاعر والاحتياجات الخاصّة بالفرد والجماعة، وتأتي أهميّة اللّغة العربية من أنّها من أحد مُكوّنات المُجتمع الرئيسيّة، ومن أهمّ عوامل البناء في مُختلف الحضارات والثّقافات، وهي السّبب الرئيسيّ في قيام الدّول وإنشاء المُجتمعات المُختلفة؛ لأنّ التّواصل الذي يتمّ عن طريق اللّغة هو اللّبنة الأساسيّة في عمليّة البناء هذه، وقوّة وبلاغة اللّغة يُعبّر ،بشكل كبير عن تماسك المجتمع النّاطق بها، واهتمامه بها وبقواعدها، وعلومها، وآدابها وضوابطها، وهذا يُعدّ أجمل أشكال الرُقيّ في التّفكير والسّلوك لدى المُجتمعات المُحافظة على لغتها. حَظِيَت اللّغة العربيّة بما لم تحظَ بهِ أيّة لُغةٍ من الاهتمام والعناية، وهذا أمرُ الله نافذٌ فيها؛ لأنّها لُغةُ القرآن الكريم وهذا بدوره أعظم شرف وأكبرَ أهميّةٍ للّغة العربيّة؛ لأنّ الله جلّ جلاله اختارها من بين لُغات الأرض ليكون بها كلامهُ الخالد الذي أعجز بهِ من كانَ

ومن سيأتي إلى قيام السّاعة، ولا يكونُ هذا الإعجاز إلاّ لكون هذهِ اللّغة تحتمل ثقل الكلام الإلهيّ وقوّة الخطاب الربّاني. سُمّيت اللّغة العربيّة بلغة القرآن والسُنّة، وقال تعالى: (وَلَقَدْ نَعْلَمُ أَنَّهُمْ يَقُولُونَ إِنَّمَا يُعَلِّمُهُ بَشَرٌ لِسَانُ الَّذِي يُلْحِدُونَ إِلَيْهِ أَعْجَمِيٌّ وَهَذَا لِسَانٌ عَرَبِيٌّ مُبِين)،

وكل هذا يُشير إلى أهميّة اللّغة العربيّة في فهم آيات القرآن ومقاصدها ومعانيها بشكل واضح؛ لأنّ القرآن نزل بلسانٍ عربيّ فصيح ومُبِين في عصرٍ كان مُعظم النّاس يتباهون ويتفاخرون ببلاغة وفصاحة لغتهم، وإلمامهم بقواعدها، وضوابطها، وقد نزل القرآن الكريم ،بمعانٍ، وتراكيبَ، وجملٍ بليغة جدّاً، تحتوي على الكثير من التّشبيهات والاستعارات والأساليب اللغويّة البليغة، ممّا أضاف لمكانة اللّغة العربيّة درجاتٍ كثيرةٍ، حتّى أصبحت اللّغة الخالدة الوحيدة في العالم .

VALSALA OK

# मेरे मन

मन चाहे हम कुछ भी करे

न चाहे तो और क्या होगा?

दिल बात उठा लो, मन बहला ओ

ऑरो की बात सुनो , समझो

उनकी और हाथ बडा ओ

साथ खडे, साथ चले

रूपो की बात छोड़ो

मन की बात अपना ओ और क्या होना है............


LITTLE KITES -2018-19


JRC 2018-19

# FOOTBALL TEAM 2018-19




# VOLLEY BALL TEAM 2018-19



# VOLLEY BALL TEAM 2018-19



# BASKETBALL TEAM 2018-19











# നന്ദി

**അതെ ഇതൊരു "ക്ലിക്കാണ് ".മഹാ പ്രളയത്തിന്റെ ഇരുട്ടിൽ നിന്നും കര കയറി സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും നാളുകളിലേക്കുള്ള "ക്ലിക്ക്". വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും കാണാപ്പുറങ്ങൾ തേടിയുള്ള ക്ലിക്ക്.......**

**വിവരവിനിമയ സാങ്കേതിക വിദ്യയുടെ വലിയ ലോകത്തേക്ക് നമ്മുടെ കുട്ടികൾക്ക് കയറി ചെല്ലാൻ ഇതൊരു കാൽവെപ്പാകുമെന്ന് നിങ്ങൾ ചെറുതായെങ്കിലും വിശ്വസിക്കുന്നുവെങ്കിൽ അത് ഞങ്ങളുടെ വിജയമാണ്.........**

**കടപ്പാടുണ്ട് ഒരുപാട് പേരോട്. ഇതിലെ ഓരോ താളുകളും തയ്യാറാക്കിയ വിദ്യാർത്ഥികളോട്..... അതിനായി മുഴുവൻ സഹകരണം നൽകിയ അധ്യാപകരോട്, രക്ഷാകർത്താകളോട്........ അതിലുപരി ഇങ്ങനെ ഒരുദ്യമത്തിന് പ്രചോദനം നൽകിയ KITE ഭാരവാഹികളോട്........ എല്ലാവരോടും ഒറ്റവാക്കിൽ നന്ദി.....**

സുമംഗല.
ലിറ്റിൽ കൈറ്റ് മിസ്ട്രസ്.